# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1629** | **03/05/2017-ൽ മറുപടിക്ക്**

**മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തകരുടെ ശമ്പളകുടിശ്ശിക**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തസ്തികകളിൽ നിയമിച്ച താല്ക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തെ ശമ്പളകുടിശ്ശിക നൽകാത്തതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | അവർക്ക് ശമ്പളകുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി ) | ടി ജീവനക്കാർക്ക് ശമ്പളകുടിശ്ശിക നൽകുന്നതിനായി 5,55,91,000/- (അഞ്ച് കോടി അമ്പത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം) രൂപ 14 ജില്ലകൾക്കായി 30/03/2017 തീയതിയിൽ നൽകിയിട്ടുണ്ട്. |
| സി) | ശമ്പളകുടിശ്ശിക ലഭിക്കാത്തതിനാൽ ഒരു ജീവനക്കാരൻ ആത്മഹത്യചെയ്ത സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ; | സി) | നടപടി സ്വീകരിച്ചിട്ടുണ്ട് |
| ഡി) | നിലവിലുണ്ടായിരുന്ന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഇവർക്ക് പകരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾ ജീവനക്കാരില്ലാത്തത് മൂലം തടസ്സപ്പെടുന്ന സാഹചര്യം എങ്ങനെ തരണം ചെയ്യാനാണ് ആലോചിക്കുന്നത്? | ഡി) | ഉണ്ട്. പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല.<br>കാലവർഷം വൈകാനുള്ള സാധ്യത കണക്കിലെടുത്തും നിരന്തരമായ രോഗ-പര്യവേഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അടിയന്തര സാഹചര്യം ഉണ്ടാകില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ മതിയാവാത്ത സാഹചര്യം വരുകയാണെങ്കിൽ ഉചിതമായ മേൽനടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**